ണ്ടോകും. അതായതു് പാസ്സു് ഫാറസ്റ്റുദ്യോഗസ്ഥന്മാക്ക സമർപ്പിച്ചു പത്തു ദിവസം കഴിഞ്ഞാൽ മരം കൊണ്ടുപോകാനുള്ള സ്വാതന്ത്ര്യം ഉടമസ്ഥനു ഉണ്ടായിരിക്കേണ്ടതാണു്.

മിസ്റ്റർ വി. കെ. കുട്ടി: ഫാറം ദിവസം കുറച്ചു കൂടുതലാണു്. 6 ദിവസം എന്നാക്കുന്നതു നന്നായിരിക്കും.

മിസ്റ്റർ സി. കെ. നായർ: ഉദ്യോഗസ്ഥന്മാരുടെ ജോലിത്തിരക്കുകൂടിയും നാം ഓക്കണം. അതുകൊണ്ടു് ഫാറം ദിവസംതന്നെ തുടയിക്കൊള്ളട്ടെ. ആ അവുധികഴിഞ്ഞാൽ മരം നീക്കംചെയ്യാൻ ഉടമസ്ഥനുവാദമുണ്ടാകണം. ഇങ്ങിനെയായാൽമാത്രമെ ബി ഫാറംകൊണ്ടുള്ള ബുദ്ധിമുട്ടിനു പരിഹാരമാകയുള്ളു. ഇതു ചെയ്യുതരുവാൻ ഒരുക്കമാണൊ എന്നാണെനിക്കറിയേണ്ടതു്.

മിസ്റ്റർ ടി. നാരായണമേനോൻ: ഇതു ദിവസത്തിനുള്ളിൽ കൊടുത്തുകൊള്ളാം എന്നു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. ഇതിനെപ്പറ്റി ആലോചിച്ചു് വേണ്ടതുപോലെ ചെയ്യാം എന്നുമാത്രമെ പറയുവാൻ തരമുള്ളു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: മിസ്റ്റർ രാമചന്ദ്രയ്യർ പറഞ്ഞമാതിരി കല്ലുവെട്ടുന്നതിനു് ഇതു ദിവസമെന്നു് ഒരു അവുധി വെച്ചിട്ടുണ്ടു്. അതുപോലെതന്നെ ഇക്കാര്യത്തിലും ഒരു നിബന്ധനവെച്ചാൽ മതിയല്ലൊ?

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഇതിലുള്ള അപകടം എന്താണുള്ളതു്.

മിസ്റ്റർ ടി. നാരായണമേനോൻ: സംഗതിയുടെ ഗുണദോഷങ്ങൾഎല്ലാം അന്വേഷിച്ചിറിഞ്ഞതിന്റെ ശേഷംമാത്രമെ ശരിയായ അഭിപ്രായം പറയുവാൻതരമുള്ളു.

മിസ്റ്റർ സി. കെ. നായർ: ഗവമ്മെണ്ടിന്റെ അഭിപ്രായം ഈ സഭയുടെ അഭിപ്രായത്തോടുകൂടി യോജിക്കുന്നതായി അറിയുന്നതുകൊണ്ടു് ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave withdrawn

Demand under 12 Forests and Tramway put and carried

39—Miscellaneous Rs. 13,67,843

Mr. M. M. Paul *(Director of Food Supplies)*: I beg to move for an allotment of Rs. 13,67,483 under 39—Miscellaneous—Food Supply Measures:

CUT MOTION NO. 16

Advisory Committee to assist the Diector of Food Supplies

മിസ്റ്റർ വി. കെ. കുട്ടി: *To reduce the allotment of Rs. 1,200 for Food Supply Measures by Re. 1*

(ഫുഡു് സപ്ലൈ ഡയറക്ടക്ക യഥാവസരം വേണ്ട ഉപദേശങ്ങളും നൽകി അദ്ദേഹത്തിന്റെ ജോലിയിൽ സഹായിക്കുന്നതിന്നായി ഒരു അനുദ്യോസ്ഥകമ്മിറ്റിയെ നിയമിക്കണം. ഈ കമ്മിറ്റിയിൽ എല്ലാ താല്പര്യങ്ങളും പ്രതിനിധീകരിക്കപ്പെടേണ്ടതാണു്). ഇതാണു് എന്റെ പ്രമേയം.

Mr. C. K. Nayar *(Nemmara)*: Sir. There is an identical motion in my name, i. e. No. 5. That also may be taken up along with this My motion is this. *To reduce the allotment of Rs. 3,27,821 for Estabishment-Food Supplies by Rs. 2.* (ഫുഡ്സപ്ലൈ ഡയറക്ടരെ ഉപദേശിക്കാൻ ഒരു അനുദ്യോഗസ്ഥസമിതി രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെ ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കുവാൻ) ഇതാണു് എന്റെ പ്രമേയം.

മിസ്റ്റർ വി. കെ. കുട്ടി: മിസ്റ്റർ പ്രസിഡണ്ടു്സർ, കൊച്ചീരാജ്യത്തു് ഫുഡ്സപ്ലൈസു് ഡിപ്പാർട്ടുമെണ്ടു് പുതിയതായി ആവിർഭവിച്ചതാണെങ്കിലും, മറ്റു ഡിപ്പാർട്ടുമെണ്ടുകളെ അപേക്ഷിച്ചു് ഇതു പ്രാധാന്യം അർഹിക്കുന്ന ഒരു ഡിപ്പാർട്ടുമെണ്ടു് വേറെയില്ലന്നുള്ളതു് തീച്ചയാണു്. ഈ ഡിപ്പാർട്ടുമെണ്ടിന്നു് എന്തെങ്കിലും വൈകല്യം സംഭവിച്ചാൽ കൊച്ചിരാജ്യത്തുള്ള ൪൫ ലക്ഷം ആളുകൾക്കും അതു ബാധകമായിരിക്കുമെന്നു് പ്രത്യേകം മനസ്സിലാക്കേണ്ടതാണു്. ഇത്രയും പ്രാധാന്യം അർഹിക്കുന്ന ഒരു ഡിപ്പാർട്ടുമെണ്ടിനെ സഹായിക്കുവാൻ ഒരു ഉപദേശകസമതിവേണമെന്നു് പറയുന്നതു് ഉശ്ശാഠ്യമാണെന്നു ആരും വിചാരി

LIBRARY ARCHIVES Kerala Legislative Assembly